"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് -സാങ്കേതികം - സെൻട്രൽ പോളിടെക്നിക് കോളേജിലെ ഓഫീസിലേക്ക് ആവശ്യമായ യുപിഎസ് പർച്ചേസ് - പ്രിൻസിപ്പലിന്റെ നടപടികൾ സാധൂകരിച്ച് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ )വകുപ്പ്**

സ.ഉ.(സാധാ) നം.811/2025/HEDN    തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 27.4.2025 തീയതിയിലെ DTETVM/10584/2024-D2 നമ്പർ കത്ത്.

**ഉത്തരവ്**

സെൻട്രൽ പോളിടെക്നിക് കോളേജിലെ ഓഫീസിലേക്ക് ആവശ്യമായ 7.5 KVA യുപിഎസ് (1 എണ്ണം) വാങ്ങുന്നതിന് , Rs.4,00,000/- (നാല് ലക്ഷം രൂപ മാത്രം) രൂപയുടെ ക്രയാനുമതി, സർക്കാരിൽ നിന്നും അനുമതി വാങ്ങാതെ പ്രിൻസിപ്പൽ തന്നെ അനുവദിച്ച് ഉത്തരവായിരുന്നു. സ്ഥാപനത്തിലെ ഓഫീസിൽ പവർ സപ്ലൈ ഇല്ലാതാകുന്ന സാഹചര്യത്തിൽ 20ഓളം കമ്പ്യൂട്ടറുകൾ ദിവസേന പലതവണ ഓഫാകുന്ന അവസ്ഥയിലായതിനാലും, NBA ആക്രഡിറ്റേഷൻ്റെ വിസിറ്റ് ഉള്ളതിനാൽ അടിയന്തിരമായി തയ്യാറാക്കേണ്ട ജോലികൾ പൂർത്തീകരിക്കാൻ കഴിയാതെ വരുമെന്നുള്ള സാഹചര്യത്തിലുമാണ് 7.5 KVA യുപിഎസ് (1 എണ്ണം) വാങ്ങുന്നതിന് വേണ്ടിയുള്ള പർച്ചേസ് നടപടികൾ സ്ഥാപനത്തിൽ തന്നെ പ്രിൻസിപ്പലിന് സ്വീകരിക്കേണ്ടി വന്നത് എന്നതിനാൽ ടി പ്രവർത്തി സാധൂകരിച്ച് നൽകുന്നതിന് പരാമർശം കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോദിച്ചു. ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ കൃത്യമായും നടപടിക്രമങ്ങൾ പാലിച്ചുമാത്രമേ പർച്ചേസ് നടത്താവൂ എന്ന നിർദ്ദേശം നൽകികൊണ്ട് സെൻട്രൽ പോളിടെക്നിക് പ്രിൻസിപ്പലിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ സെൻട്രൽ പോളിടെക്നിക് കോളേജ് തിരുവനന്തപുരം(സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേനെ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ ) തിരുവനന്തപുരം

www.highereducation.gov.in

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ ഓഫീസ് കോപ്പി.

Signed by

ഉത്തരവിൻ പ്രകാരം

Geetha Lekshmi. G

Date: 30-06-2025 13:19:11

സെക്ഷൻ ഓഫീസർ